മാതൃഭൂമി

30 May 2018

# കടൽപ്പായൽ കൃഷി പ്രോത്സാഹിപ്പിക്കണം - കേന്ദ്ര മന്ത്രി കൃഷ്ണ രാജ്



കേന്ദ്ര കാർഷിക സഹമന്ത്രി കൃഷ്ണ രാജ് സി.എം.എഫ്.ആർ.ഐയിലെ നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം സന്ദർശിക്കുന്നു

**കൊച്ചി** ▸ വ്യാവസായിക ഉത്പാദനരംഗത്ത് ഏറെ സാധ്യതകളുള്ള കടൽപ്പായൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ശ്രമങ്ങളുണ്ടാകണമെന്ന് കേന്ദ്ര കാർഷിക സഹമന്ത്രി കൃഷ്ണ രാജ് അഭിപ്രായപ്പെട്ടു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) സന്ദർശനം നടത്തിയ ശേഷം ശാസ്ത്രജ്ഞരുമായി ചർച്ച നടത്തുകയായിരുന്നു അവർ.

ഭക്ഷ്യോത്പാദനം, മരുന്ന് നിർമാണം, സൗന്ദര്യവർധക ഉത്പന്ന വ്യവസായം തുടങ്ങി വിവിധ മേഖലകളിൽ ഉപയോഗിച്ചുവരുന്ന കടൽപ്പായൽ വൻതോതിൽ ഉത്പാദിപ്പിക്കാൻ ശാസ്ത്രസമൂഹം ഊന്നൽ നൽകണം.

മത്സ്യമേഖലയിൽ ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. 2020-ഓടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ശ്രമത്തിലാണ് കേന്ദ്ര സർക്കാർ എന്നും അവർ പറഞ്ഞു.

സി.എം.എഫ്.ആർ.ഐയിലെ നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം, ലബോറട്ടറികൾ എന്നിവ മന്ത്രി സന്ദർശിച്ചു.

സി.എം.എഫ്.ആർ.ഐയിലെ വകുപ്പ് മേധാവികളായ ഡോ കെ.കെ. ജോഷി, ഡോ. ടി.വി. സത്യാനന്ദൻ, പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ശ്യാം എസ്. സലീം എന്നിവർ സംസാരിച്ചു.